**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്പ്മെന്റ്**
**പ്രജോ ടവേഴ്സ്, വഴുതക്കാട്,**
**തിരുവനന്തപുരം**

**നമ്പർ. ഇഎ1 /817/2014/ എച്ച്.ആർ.ഡി** **തീയതി: 17.11.2014**

# ***സർക്കുലർ***

**വിഷയം:** ഉന്നത വിദ്യാഭ്യാസ വകുപ്പ്- 'മിഷൻ സ്വച്ഛ ഭാരത്' ഊർജ്ജിതമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് :-

**സൂചന:** 24.10.2014-ാം തീയതിയിലെ ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പിന്റെ 33022/കെ3/14 ഉ.വി.വാം നമ്പർ കത്ത്.

മേൽ സൂചന പ്രകാരം ഭാരത സർക്കാർ നടപ്പിലാക്കുന്ന 'മിഷൻ സ്വച്ഛ ഭാരത്' എന്ന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെയും വിദ്യാഭ്യാസ സ്ഥാപനങ്ങളെയും സർക്കാർ വകുപ്പുകളെയും കുടുംബശ്രീയെയും പങ്കെടുപ്പിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ഒരു മാസത്തെ ദേശീയ ശുചിത്വ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. അതിനാൽ എല്ലാ സ്ഥാപന മേധാവികളും അവരുടെ സ്ഥാപന പരിസരം വൃത്തിയായി സൂക്ഷിക്കാനുള്ള കർശന നിർദ്ദേശം നൽകേണ്ടതാണ്. ശുചിത്വ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും മറ്റ് ജീവനക്കാരുടെയും പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്. കുട്ടികളിൽ ശുചിത്വത്തിന്റെ പ്രാധാന്യം സംബന്ധിച്ച് അവബോധം ഉണ്ടാകാനുള്ള പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. അതോടൊപ്പം സംസ്ഥാന സർക്കാർ നടത്തുന്ന ശുചിത്വ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കാനും ടി നിർദ്ദേശങ്ങൾ നടപ്പിലാക്കിയതിന്റെ വിവരങ്ങൾ കേന്ദ്ര ഓഫീസിൽ അറിയിക്കുവാനും താൽപര്യപ്പെടുന്നു.

1/12/14

**ഡോ.എസ്. ഷീല**
**ഡയറക്ടർ**

**പകർപ്പ്:**

**എല്ലാ സ്ഥാപന മേധാവികൾക്കും**

ഡി.20.11.14